ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. അനശ്വര ഗായിക എസ് ജാനകി ഇനി ഓർമ്മ. വിടവാങ്ങിയത് ആറു പതിറ്റാണ്ടിലേറെ സുന്ദര നാദത്തിലൂടെ ആസ്വാദകരെ വിസ്മയിപ്പിച്ച വാനമ്പാടി.

   **Legendary singer S Janaki is no more. Vanampadi, who amazed the audience with her beautiful voice for over six decades, has passed away.**

2. ന്യൂസിലൻഡിലെ രണ്ടു ദിവസത്തെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലേക്ക് തിരിച്ചു.

   **Prime Minister Narendra Modi returned to India after completing a two-day visit to New Zealand.**

3. നിർമ്മിതബുദ്ധി, സെമികണ്ടക്ടറുകൾ, ഇലക്ട്രോണിക്സ് നിർമ്മാണം തുടങ്ങിയവ രാജ്യത്തിൻറെ അടുത്ത ഘട്ട വളർച്ചയ്ക്ക് കരുത്ത് പകരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **Union Minister Ashwini Vaishnav said that artificial intelligence, semiconductors, electronics manufacturing, etc. will strengthen the country's next phase of growth.**

പരിസ്ഥിതി സംരക്ഷണത്തെ രാജ്യവ്യാപകമായ ജനകീയ മുന്നേറ്റമാക്കുന്ന പര്യാവരൺ സംരക്ഷൺ സങ്കൽപ് പരിപാടിയെ കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.

**Union Minister Shivraj Singh Chouhan will address the Paryavaran Samrakshan Sankalp program, which will make environmental conservation a nationwide popular movement, in New Delhi today.**

3. കൊച്ചിയിൽ മൂന്നാമത് റോ- റോ വെസൽ പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവ്വഹിക്കും.

**Chief Minister V.D. Satheesan will inaugurate the third Ro-Ro vessel project in Kochi.**

6. ലോകകപ്പ് ഫുട്ബോളിൽ നോർവെയെ തോൽപ്പിച്ച് ഇംഗ്ലണ്ട് സെമി ഫൈനലിൽ. വിംബിൾഡൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം ലിൻഡ നൊസ്കോവയ്ക്ക്.

**England defeats Norway in the World Cup football semi-finals. Linda Noskova wins the Wimbledon tennis women's singles title.**

&&&&&&&&&&&&&&&&&&&&&&

## NT. SINGER S. JANAKI PASSED AWAY (INTRO)

വിഖ്യാത ഗായിക എസ് ജാനകി വിടവാങ്ങി. മൈസൂരു അപ്പോളോ ആശുപത്രിയിൽ ഇന്നലെ രാത്രിയായിരുന്നു അന്ത്യം. ശ്വസന സംബന്ധമായ പ്രശ്നങ്ങളെത്തുടർന്നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആരോഗ്യപരമായ ബുദ്ധിമുട്ടുകളെ തുടർന്നായിരുന്നു വിയോഗം. 88 വയസായിരുന്നു.

(സോങ് -----)

ആറു പതിറ്റാണ്ടിലേറെ നീണ്ട ആ സംഗീത സപര്യയിൽ മലയാളം, കന്നഡ, തമിഴ്, ഹിന്ദി ഭാഷകളിലായി എസ് ജാനകി പാടി തീർത്തത് 48,000-ത്തോളം ഗാനങ്ങൾ. 1938-ൽ ഏപ്രിൽ 23-ന് ആന്ധ്രപ്രദേശിലെ ഗുണ്ടൂർ ജില്ലയിലായിരുന്നു ജാനകിയുടെ ജനനം. മൂന്നാം വയസിൽതന്നെ സംഗീതത്തോട് ആഭിമുഖ്യം പ്രകടിപ്പിച്ച ജാനകി ആകാശവാണി ദേശീയ തലത്തിൽ സംഘടിപ്പിച്ച ഗാന മത്സരത്തിൽ രണ്ടാംസ്ഥാനം നേടിയതോടെയാണ് ശ്രദ്ധേയയായത്. 1957ൽ വിധിയിൻ വിളയാട്ട് എന്ന തമിഴ് സിനിമയിൽ ടി. ചലപതി റാവു ഈണം പകർന്ന ഗാനം ആലപിച്ചുകൊണ്ടാണ് ജാനകി, ചലച്ചിത്രപിന്നണിഗാനരംഗത്ത് അരങ്ങേറ്റം കുറിച്ചത്. എം.എസ് ബാബുരാജ്, എം.എസ് വിശ്വനാഥൻ, ഇളയരാജ, ഹംസലേഖ, ലക്ഷ്മികാന്ത് - പ്യാരേലാൽ, ജി. ദേവരാജൻ, എ.ആർ

റഹ്മാൻ തുടങ്ങി ഒട്ടേറെ സംഗീത സംവിധായകരുടെ പ്രശസ്ത ഗാനങ്ങൾക്ക് എസ് ജാനകി ശബ്ദമായി മാറി. '16 വയതിനിലെ' യിലെ സെന്തൂര പൂവേ എന്ന ഗാനത്തിന് ഉൾപ്പടെ മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം നാല് തവണ നേടി. 33 സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളും ആ അനുഗ്രഹീത ഗായികയെ തേടിയെത്തി. പ്രണയ ഗാനങ്ങൾക്കും, നാടോടിപാട്ടുകൾക്കും, വികാര സാന്ദ്രമായ ഗാനങ്ങൾക്കും ഒരുപോലെ ജീവൻ നല്കാൻ ആ സുന്ദര ശബ്ദത്തിനായി. "തളിരിട്ട കിനാക്കൾ തൻ, സ്വർണമുകിലേ, സൂര്യകാന്തി സ്വപ്നം കാണാറുണ്ടോ... പോലെ കാലത്തെ അതിജീവിക്കുന്ന ഒട്ടേറെ ഗാനങ്ങൾ എസ് ജാനകി കൈരളിയ്ക്ക് സമ്മാനിച്ചു. 2013 ൽ പദ്മഭൂഷൻ ബഹുമതിക്കായി രാജ്യം എസ് ജാനകിയെ തിരഞ്ഞെടുത്തിരുന്നു. എസ്. ജാനകിയുടെ ഭൗതികശരീരം ഇന്നു രാവിലെ 8.30 ന് മൈസൂരു മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ എത്തിക്കും. പൊതുദർശനത്തിനു ശേഷം ഉച്ചകഴിഞ്ഞ് കനിയനഹുണ്ഡി ഫാം ഹൗസിലാണ് സംസ്കാരം.

&&&&&&&&&&&&&&&&&&&&&&

## VP – S. JANAKI – CONDOLENCE

എസ്.ജാനകിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി രാഷ്ട്രീയ-ചലച്ചിത്ര-സംഗീത രംഗത്തെ പ്രമുഖർ. ഭാഷാപരമായ അതിർത്തികൾ മറികടക്കുന്നതായിരുന്നു ജാനകിയുടെ പാട്ടുകളെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ അനുസ്മരിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി, മുഖ്യമന്ത്രി വിഡി സതീശൻ, സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ അടക്കമുള്ളവരും അനുഗ്രഹീത ഗായികയ്ക്ക് ആദരാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&

## S JANAKI– RAVI MENON (INTRO)

മലയാളം ഭാഷയെ അത്യധികം സ്നേഹിച്ച,ആദരവോടെ മാത്രം മലയാള ഗാനങ്ങളെ സമീപിച്ച ഗായികയാണ് എസ് ജാനകി. അനശ്വരമായ ഒട്ടേറെ ഗാനങ്ങളാണ് ജാനകി മലയാളിക്ക് സമ്മാനിച്ചത്.

**പ്രിയ ഗായികയെപ്പറ്റിയുള്ള ഓർമ്മകൾ സംഗീത നിരൂപകൻ രവി**

മേനോൻ ആകാശവാണി വാർത്തകളോട് പങ്കുവയ്ക്കുന്നു .........
(വോയ്സ്)

&&&&&&&&&&&&&&&&&&&&&&

## PM– NEW ZEALAND VISIT CONCLUDES

ന്യൂസിലൻഡിലെ രണ്ടു ദിവസത്തെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലേക്ക് തിരിച്ചു. സന്ദർശനത്തിനിടെ പ്രതിരോധം, വിനോദസഞ്ചാരം, കായികരംഗം, ദുരന്തനിവാരണം, മൃഗസംരക്ഷണം എന്നീ മേഖലകളിൽ സഹകരണത്തിനായുള്ള അഞ്ച് ധാരണാപത്രങ്ങളിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു.

&&&&&&&&&&&&&&&&&&&&&&

## NT. VAISHNAW – AI, SEMICONDUCTOR

നിർമ്മിതബുദ്ധി, സെമികണ്ടക്ടറുകൾ, ഇലക്ട്രോണിക്സ് നിർമ്മാണം തുടങ്ങിയവ രാജ്യത്തിൻറെ അടുത്ത ഘട്ട വളർച്ചയ്ക്ക് കരുത്ത് പകരുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഹൈദരാബാദിൽ, വ്യവസായ പ്രമുഖരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിർമ്മിതബുദ്ധിയിലേക്കുള്ള തന്ത്രപരമായ മാറ്റം വ്യവസായ-അക്കാദമിക് സഹകരണത്തിലൂടെ മുന്നോട്ട് കൊണ്ടുപോകണമെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു. കേന്ദ്ര മന്ത്രി ജി. കിഷൻ റെഡ്ഡിയും പരിപാടിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&&&&

## AGRICULTURE – PUSA

കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ, ന്യൂഡൽഹിയിലെ പൂസയിൽ പര്യാവരൺ സംരക്ഷൺ സങ്കൽപ് പരിപാടിയിൽ ഇന്ന് പങ്കെടുക്കും. ചടങ്ങിൽ, രാജ്യത്തുടനീളമുള്ള 17,000 ത്തോളം വൃക്ഷ മിത്രങ്ങളുമായി അദ്ദേഹം സംവദിക്കും. സജീവമായ പൊതുജന പങ്കാളിത്തത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തെ രാജ്യവ്യാപകമായ ജനകീയ മുന്നേറ്റമാക്കിമാറ്റാൻ കേന്ദ്രമന്ത്രി ആഹ്വാനം ചെയ്യും.

&&&&&&&&&&&&&&&&&&&&&&

## FIFA WORLD CUP

ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ട് സെമി ഫൈനലിൽ പ്രവേശിച്ചു. ഇന്ന് പുലർച്ചെ നടന്ന ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ

നോർവെയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചാണ് ഇംഗ്ലണ്ട് സെമിയിൽ കടന്നത്. മറ്റൊരു ക്വാർട്ടർ മത്സരത്തിൽ അർജന്റീന, സ്വിറ്റ്സർലൻഡിനെ നേരിടുന്നു. ആദ്യ പകുതിയിൽ അർജന്റീന ഒരു ഗോളിന് മുന്നിലാണ്. ഈ മത്സരത്തിലെ വിജയികളുമായി ഇംഗ്ലണ്ട് സെമി ഫൈനലിൽ ഏറ്റുമുട്ടും. സ്പെയിനും ഫ്രാൻസും ഇതിനകം സെമി ഫൈനലിൽ പ്രവേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&

**TENNIS-WIMBLEDON**

വിംബിൾഡൺ ടെന്നീസ് വനിതാ സിംഗിൾസ് കിരീടം ചെക്ക് റിപ്പബ്ലിക്കിന്റെ ലിൻഡ നൊസ്കോവയ്ക്ക്. സ്വന്തം നാട്ടുകാരിയെ 6-2, 5-7, 6-3 സ്കോറിനാണ് താരം പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന പുരുഷ സിംഗിൾസ് ഫൈനലിൽ ലോക ഒന്നാം നമ്പർ താരം യാനിക് സിന്നർ,ജർമ്മനിയുടെ അലക്സാണ്ടർ സ്വേരെവിനെ നേരിടും.

&&&&&&&&&&&&&&&&&&&&&&

**CRICKET- IND-ENG T20**

ഇന്ത്യക്കെതിരായ അഞ്ച് മത്സരങ്ങളുടെ ടി20 ക്രിക്കറ്റ് പരമ്പര ഇംഗ്ലണ്ട് 4-0 ന് തൂത്തുവാരി. ഇന്നലെ രാത്രി സതാംപ്ടണിൽ നടന്ന അവസാന മത്സരത്തിൽ ഇന്ത്യയെ 56 റൺസിനാണ് ഇംഗ്ലണ്ട് പരാജയപ്പെടുത്തിയത്. ഇംഗ്ലണ്ട് മുന്നോട്ടുവച്ച 258 റൺസ് വിജയലക്ഷ്യത്തിന് മറുപടിയായി 20 ഓവറിൽ 8 വിക്കറ്റിന് 201 റൺസ് നേടാനേ ഇന്ത്യക്കായുള്ളൂ. പരമ്പരയിലെ ആദ്യ മത്സരം മഴ മൂലം ഉപേക്ഷിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&&&

**CM - KOCHI (INTRO)**

കൊച്ചി കോർപറേഷൻറെ മൂന്നാമത് റോ- റോ വെസൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഇന്ന് ഉദ്ഘാടനം ചെയ്യും. റോ-റോയിൽ വനിതകൾക്ക് സൗജന്യ യാത്ര അനുവദിക്കുന്ന 'ഇന്ദിര യാത്ര' പദ്ധതിയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും. രാവിലെ 9.30 ന് വൈപ്പിൻ റോ-റോ ജെട്ടിയിലാണ് ഉദ്ഘാടന ചടങ്ങ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ .....    (വോയ്സ്)**

&&&&&&&&&&&&&&&&&&&&&&

## VIETNAM BOAT TRAGEDY

വിയറ്റ്നാമിൽ ബോട്ടുമറിഞ്ഞു മലയാളികൾ അടക്കം 15 ഇന്ത്യൻ സഞ്ചാരികൾ മരണമടഞ്ഞ സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ച് വിയറ്റ്നാം പ്രധാനമന്ത്രി ലെ മിൻ ഹൂങ്. അപകടത്തിന്റെ കാരണം കണ്ടെത്താനും, കുറ്റക്കാർക്ക് എതിരെ ശക്തമായ നിയമ നടപടികൾ കൈക്കൊള്ളാനും അദ്ദേഹം ഉത്തരവിട്ടു. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതായി വിദേശകാര്യ മന്ത്രി എസ് .ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. പരിക്കേറ്റവർ വേഗം സുഖം പ്രാപിക്കട്ടെ എന്നും അദ്ദേഹം പ്രതീക്ഷ പങ്കുവച്ചു.

&&&&&&&&&&&&&&&&&&&&&&

## BRICS MEETING-NAGPUR

മഹാരാഷ്ട്രയിലെ നാഗ്പുരിൽ മൂന്നാമത് ബ്രിക്സ് ഗതാഗത മന്ത്രിമാരുടെ യോഗത്തിന് തുടക്കമായി. കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അധ്യക്ഷത വഹിച്ചു. ബദൽ ജൈവ ഇന്ധനങ്ങളുടെയും മലിനീകരണരഹിത സാങ്കേതികവിദ്യകളുടെയും സഹായത്തോടെ റോഡ്, റെയിൽ, വ്യോമയാന, ജലപാത ഗതാഗതത്തിൽ കാർബൺ ന്യൂട്രൽ സാധ്യമാക്കാനുള്ള ശ്രമങ്ങളെക്കുറിച്ച് പ്രതിനിധികൾ ചർച്ച ചെയ്തതായി ശ്രീ ഗഡ്കരി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## FSSAI - SWIGGY

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, സ്വിഗ്ഗി ഇൻസ്റ്റാമാർട്ടിന് ഒമ്പത് നോട്ടീസുകൾ അയച്ചു. 2006 ലെ ഭക്ഷ്യസുരക്ഷാ മാനദണ്ഡ നിയമം ലംഘിച്ചതായി ആരോപിച്ച് നിരവധി ഉപഭോക്തൃ പരാതികൾ ലഭിച്ചതിനെ തുടർന്നാണ് ഈ നീക്കം. പഴകിയതും സുരക്ഷിതമല്ലാത്തതുമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ സ്വിഗ്ഗി ഇൻസ്റ്റാമാർട്ട് വഴി വിതരണം ചെയ്തതായാണ് പരാതി. കൃത്യമായ വിശദീകരണം നൽകണമെന്നും അല്ലാത്തപക്ഷം ഉചിതമായ നിയമനടപടി സ്വീകരിക്കുമെന്നും FSSAI സാമൂഹിക മാധ്യമ കുറിപ്പിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## IRAN – HORMUZ

ഹോർമൂസ് കടലിടുക്ക്, ഇറാൻ അനിശ്ചിതകാലത്തേക്ക് അടച്ചു. അനധികൃത പാതയിലൂടെ സഞ്ചരിക്കാൻ ശ്രമിച്ച കപ്പലുമായി ബന്ധപ്പെട്ടുണ്ടായ തർക്കത്തെത്തുടർന്നാണ് കടൽപ്പാത അടച്ചതെന്ന് ഇറാന്റെ ഇസ്ലാമിക് റവല്യൂഷനറി ഗാർഡ് കോർപ്സ് നേവി അറിയിച്ചു. മേഖലയിലെ, യു.എസ് ഇടപെടൽ അവസാനിക്കുന്നതുവരെ ഹോർമുസിലൂടെ ഒരു കപ്പലിനെയും കടത്തിവിടില്ലെന്നും സേന പറഞ്ഞു. അതേസമയം, ഹോർമുസ് കടലിടുക്ക് തുറന്നിട്ടുണ്ടെന്നും കപ്പലുകൾക്ക് നേരെ ഇനി ആക്രമണമുണ്ടാകില്ലെന്നും ഇറാൻ പരസ്യമായി പ്രസ്താവന നടത്തണമെന്നാണ് അമേരിക്കയുടെ ആവശ്യം. സംഘർഷങ്ങൾക്കിടയിലും, ഇറാനുമായുള്ള ചർച്ചകൾ തുടരുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&